തേജസ്
1190 ഇടവം 14 ■ 1436 ശഅ്ബാൻ 9
28 മെയ് 2015 വ്യാഴം

സംസാരിക്കുന്നത് പോലിസ് ഭാഷ

നിയുക്ത പോലിസ് മേധാവി ടി പി സെൻകുമാർ പോലിസ് അസോസിയേഷൻ സംസ്ഥാന സമ്മേളനവേദിയിൽ നടത്തിയ പ്രസംഗത്തിൽ പറഞ്ഞ കാര്യങ്ങൾ, പോലിസിന്റെ പ്രവർത്തനത്തിൽ ഒരു ജനാധിപത്യ സമൂഹത്തിനു ചേരുംവിധമുള്ള മാറ്റങ്ങൾ വരുത്തണമെന്ന ന്യായമായ ആവശ്യങ്ങൾ തിരസ്കരിക്കുന്നതും അതുകൊണ്ടുതന്നെ അപലപിക്കപ്പെടേണ്ടതുമാണ്. പഴയ മട്ടിൽ ലോക്കപ്പ് മർദ്ദനം നടത്തി കേസ് തെളിയിക്കുന്നതും ഗതാഗതം നിയന്ത്രിക്കുന്നതുമാണ് പോലിസിന്റെ ജോലിയെന്നും ജനമൈത്രി പോലിസ് തുടങ്ങിയ നവീന പദ്ധതികൾ ഗുണം ചെയ്യുന്നില്ലെന്നുമാണ് സെൻകുമാർ പരോക്ഷമായി സൂചിപ്പിക്കുന്നത്.

ഡി.ജി.പി. അതിനപ്പുറത്തേക്കു കടന്ന്, മാവോവാദികളെയും മതതീവ്രവാദികളെയും അടിച്ചമർത്തുന്നതിനു യു.എ.പി.എയിൽ കൊണ്ടുവന്ന ഭേദഗതികൾ പോലും ഉപകരിക്കില്ല എന്നാണ് ആവേശപൂർവം പ്രസംഗിച്ചത്. ഒരു ജനാധിപത്യ വ്യവസ്ഥയിൽ ഭരണകൂടത്തിനോ നിയമപാലകർക്കോ ഇഷ്ടമല്ലാത്ത രീതിയിൽ പ്രവർത്തിക്കുന്നവരും അനീതി കാണുമ്പോൾ അതിനെതിരേ മുദ്രാവാക്യമുയർത്തുന്നവരും ഏറെയുണ്ടാവും. അക്രമം പ്രവർത്തിക്കാത്ത കാലത്തോളം ഏതൊരു കൂട്ടർക്കും നിലവിലിരിക്കുന്ന വ്യവസ്ഥ പൊളിച്ചടുക്കണമെന്നും പുതിയ സാമൂഹിക ക്രമമുണ്ടാക്കണമെന്നും ആവശ്യപ്പെടാം. എന്നാൽ സെൻകുമാർ, ആർ.ഡി.എക്സ്. കൈയിൽ വയ്ക്കുന്നതിനേക്കാൾ അപകടകരമാണ് പല ഗ്രൂപ്പുകളുടെയും ചിന്തകൾ എന്നു പറയുമ്പോൾ പൗരന്മാരുടെ ചിന്ത തന്നെ നിയന്ത്രിക്കാനുള്ള ഉൽക്കടമായ അഭിലാഷം അതിൽ മുഴച്ചുനിൽക്കുന്നുണ്ട്.

ഇന്നു നിലവിലിരിക്കുന്ന പല നിയമങ്ങളും വിവേചനമില്ലാതെ ഉപയോഗിച്ചതു കാരണം ആയിരക്കണക്കിന് ആളുകളാണ് വർഷങ്ങളായി ജയിലിൽ കഴിയുന്നത്. ഗുജറാത്ത്, ഉത്തർപ്രദേശ്, ആന്ധ്രപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ വ്യാജ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടതും ആയിരക്കണക്കിനുണ്ട്. കൃത്യമായ, സത്യസന്ധമായ പോലിസിങ് കൊണ്ടുണ്ടായതല്ല ഇതൊന്നും. സത്യസന്ധമായ പോലിസിങ് എന്നു പറഞ്ഞാൽ നിഷ്പക്ഷമായി, വർഗീയതയോ വംശീയതയോ സ്വാധീനിക്കാതെയുള്ള കുറ്റാന്വേഷണമാണ്. പഴയ ഫയൽ നോക്കി അറസ്റ്റിലാവുന്നവരെ പിശാചുവൽക്കരിച്ച് സ്ഥിരമായി ഇരുമ്പഴികൾക്കുള്ളിൽ ഇടലല്ല. വസ്തുതകൾ പരിഗണിക്കാതെ പക്ഷപാതപരമായി തയ്യാറാക്കുന്ന പോലിസ് റിപോർട്ടുകളുടെ അടിസ്ഥാനത്തിലാണ് പല പൗരന്മാരുടെയും ജീവിതം തന്നെ തുലഞ്ഞുപോവുന്നത്.

ശിക്ഷിക്കപ്പെട്ട് ജയിലിൽ എത്തുന്നവർക്കുള്ള അവകാശങ്ങൾ സംരക്ഷിക്കുന്നതും നിയമപാലകരുടെ പണി തന്നെയാണെന്നു പരിണിതപ്രജ്ഞനായ പോലിസ് മേധാവിക്ക് അറിയാതെവരില്ല. അവകാശലംഘനങ്ങൾ നടക്കാതെനോക്കുന്നതാണ് ജനാധിപത്യ സമൂഹത്തിൽ പോലിസിന്റെ ബാധ്യത. അവർക്കു ജോലിഭാരമുണ്ടെന്നതും വളരെ ക്ലേശകരമായ സാഹചര്യത്തിലാണ് അവർ ജോലിയെടുക്കുന്നത് എന്നതുമൊക്കെ ശരിയാണ്. എന്നാൽ, അതും മാനവിക മുഖമുള്ള നിയമപാലനവും തമ്മിൽ കൂട്ടിക്കെട്ടരുത്.

ബ്രിട്ടിഷുകാർ രൂപം കൊടുത്തതാണ് ഇന്ത്യയിലെ പോലിസ് സേന. എന്നാൽ, അതിൽ നിന്നൊക്കെ സമൂഹവും പോലിസും എത്രയോ മാറിയിരിക്കുന്നുവെന്നത് ഡി.ജി.പി. വിസ്മരിക്കരുത്.

ജോൺ നാഷ്

കഴിഞ്ഞ ദിവസം കാറപകടത്തിലാണ് ജോൺ നാഷ് അന്തരിച്ചത്, 86ാം വയസ്സിൽ. വളരെ ചുരുങ്ങിയ പേജുകൾ മാത്രം എഴുതി, വളരെ വിപുലമായ ഗവേഷണപഥങ്ങളിൽ വെളിച്ചം വിതറിയ അപൂർവ പ്രതിഭയാണ് പൊലിഞ്ഞുപോയത്. ഗെയിം തിയറി എന്ന പേരിൽ അറിയപ്പെടുന്ന ഒരു സിദ്ധാന്തമാണ് അദ്ദേഹത്തിന്റെ ഏറ്റവും പ്രധാന സംഭാവന. സമൂഹങ്ങളുടെയും വ്യക്തികളുടെയും സ്വഭാവവും തീരുമാനങ്ങളെടുക്കുന്ന രീതിയും എങ്ങനെ രൂപപ്പെടുന്നു എന്നാണ് ഈ സിദ്ധാന്തം വിശദീകരിക്കുന്നത്. താത്ത്വികമായി മാത്രമല്ല, പ്രായോഗികമായും വളരെ വിപുലമായ സാധ്യതകളാണ് ഗെയിം തിയറി ലോകത്തിനു തുറന്നുനൽകിയത്.

ജോൺ നാഷ് പക്ഷേ, പ്രശസ്തനാവുന്നത് ജോൺ ക്രോ സംവിധാനം ചെയ്ത *എ ബ്യൂട്ടിഫുൾ മൈൻഡ്* എന്ന സിനിമയിലൂടെയാണ്. സ്കിസോഫ്രീനിയ രോഗബാധിതനായി ആശുപത്രിയിലായ ജോൺ നാഷിന്റെ ജീവിതവും അതിജീവനവുമാണ് ഈ സിനിമയിലെ ഇതിവൃത്തം. ഓസ്കർ അടക്കം നിരവധി പുരസ്കാരങ്ങൾ നേടിയ ചിത്രമാണത്.

ജോൺ നാഷും ധാരാളം ബഹുമതികൾ വാരിക്കൂട്ടി. സാമ്പത്തിക ശാസ്ത്രത്തിനുള്ള നൊബേൽ സമ്മാനവും ഗണിതശാസ്ത്രത്തിനുള്ള ആബേൽ പ്രൈസ് അടക്കമുള്ള നിരവധി ബഹുമതികളും അദ്ദേഹം നേടിയിട്ടുണ്ട്. 1950കളിൽ പ്രിൻസ്ടൺ സർവകലാശാലയിൽ സമർപ്പിച്ച അദ്ദേഹത്തിന്റെ ഗവേഷണ പ്രബന്ധം വെറും 30 പേജുകൾ മാത്രം ഉൾക്കൊള്ളുന്നതായിരുന്നു.

നേർവര

ഇനി അരുവിക്കര
ഉപതിരഞ്ഞെടുപ്പ് നാളുകൾ.



ആളിറങ്ങാനുണ്ടേ...!

മോദിയുടെ സന്ദർശനം ഗുണം ചെയ്യുമോ?

ടി ജി ജേക്കബ്

പ്രധാനമന്ത്രി നരേന്ദ്ര മോദി ദീർഘകാലമായി ഒരു ചൈനീസ് സ്പെഷ്യലിസ്റ്റും ചൈനീസ് സാമ്പത്തിക മുന്നേറ്റത്തിന്റെ ആരാധകനുമാണ്. അദ്ദേഹം ഗുജറാത്ത് മുഖ്യമന്ത്രി ആയിരുന്നപ്പോൾ നാലു പ്രാവശ്യം ചൈനയിൽ ഔദ്യോഗിക സന്ദർശനങ്ങൾ നടത്തിയിട്ടുണ്ട്. ഈ നാലു സന്ദർശനങ്ങളുടെയും ഉദ്ദേശ്യം, എങ്ങനെയൊക്കെ ചൈനീസ് മൂലധനവും സാങ്കേതിക വിദ്യകളും ഗുജറാത്തിന്റെ ത്വരിതമായ സാമ്പത്തിക വളർച്ചയ്ക്ക് ഉപകരിക്കും, ഉപയോഗിക്കാം എന്നതായിരുന്നു. ചില വൻകിട പദ്ധതികൾ ഈ സന്ദർശനങ്ങളുടെ ഫലമായി ഗുജറാത്തിൽ വരുകയും ചെയ്തു.

ഗുജറാത്തിൽ നടന്ന വംശീയ കൂട്ടക്കൊലകളോ അതിൽ മോദിയുടെ മേൽ ആരോപിക്കപ്പെടുന്ന പങ്കാളിത്തമോ ഒന്നും ചൈനക്കാർക്ക് ഒരു പ്രശ്നമേയല്ലായിരുന്നു. പാശ്ചാത്യ ബ്ലോക്ക് ഏതാണ്ട് ഒന്നടങ്കം മോദിയോട് അയിത്തം പാലിക്കുന്ന സമയമാണതെന്ന് ഓർക്കണം. ചൈന അന്നും മോദിയുടെ സുഹൃത്താണ്. അതുകൊണ്ടുതന്നെ ബെയ്ജിങിൽ മോദിക്ക് ആരെയും 'കരടിക്കെട്ടിപ്പിടിത്തം' നടത്തേണ്ട ആവശ്യവുമില്ലായിരുന്നു. ചൈനക്കാരെ സംബന്ധിച്ച് ബിസിനസാണ് മുഖ്യം. പ്രധാനമന്ത്രിയാവുന്നതിനു വളരെ മുമ്പുതന്നെ നരേന്ദ്ര മോദിയുമായി ബിസിനസ് നടത്താൻ കഴിയുമെന്ന് ചൈനക്കാർക്കു ബോധ്യപ്പെട്ടിരുന്നു.

ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രതിനിധികൾ ഇന്ത്യയിലെ സോഷ്യൽ ഡെമോക്രാറ്റുകളുടെ സമ്മേളനങ്ങളിലും മറ്റും സൗഹാർദ പ്രതിനിധികളായി പങ്കെടുക്കാറുണ്ട്. ഇവിടെ നിന്നു സഹോദര പാർട്ടികളുടെ ബുദ്ധിജീവികളെ അവിടെ കൊണ്ടുപോയി സൽക്കരിക്കാറുമുണ്ട്. അവർ തിരിച്ചുവന്ന്, ചൈന തേനും പാലും ഒഴുകുന്ന സ്ഥലമാണെന്ന് എഴുതുകയും ചെയ്യും. പക്ഷേ, അവർ ഭരിച്ചിരുന്ന ബംഗാളിൽ പത്തു പൈസ പോലും നിക്ഷേപം നടത്താൻ ചൈന തയ്യാറല്ലായിരുന്നു. മറിച്ച്, സോഷ്യൽ ഡെമോക്രാറ്റുകൾ മതേതര ഇന്ത്യയുടെ ശത്രുവായ ഹിന്ദുത്വ ഫാഷിസ്റ്റ് ഭരണം നടക്കുന്ന സ്ഥലമെന്നു കരുതുന്ന ഗുജറാത്തിൽ ആയിരക്കണക്കിനു കോടി ഡോളർ വേണമെങ്കിൽ നിക്ഷേപിക്കും- ഇതായിരുന്നു മുഖ്യമന്ത്രിയായിരുന്ന നരേന്ദ്ര മോദിയും ചൈനയും തമ്മിലുള്ള ബന്ധം. സ്വാഭാവികമായും പ്രധാനമന്ത്രി മോദി ചൈനയിൽ പോവുമ്പോൾ വളരെയധികം പ്രതീക്ഷകൾ ഉണ്ടാവും. എന്താണ് സംഭവിച്ചത്?

ഇന്ത്യയും ചൈനയും ഏഷ്യയിലെ രണ്ടു ഭീമന്മാരാണെന്നും ഈ നൂറ്റാണ്ടിലെ പ്രബല സാമ്പത്തിക ശക്തികളായിക്കൊണ്ടിരിക്കുന്ന രാജ്യങ്ങളാണെന്നും അവർ തമ്മിൽ കൂടുതൽ ആഴവും പരപ്പുമുള്ള സാമ്പത്തിക 'പങ്കാളിത്ത'മാണ് വേണ്ടതെന്നും നരേന്ദ്ര മോദി സർക്കാരിന്റെ പ്രഖ്യാപിത ദിശ കൂടുതൽ ഫലവത്താക്കണമെന്നും മാധ്യമങ്ങൾ ആസൂത്രിത രീതിയിൽ തന്നെ പ്രചരിപ്പിച്ചിരുന്നു. ഈ പ്രചാരണം ഒരു സ്ഥിരം പംക്തിയായി മാറിയിട്ടുണ്ട്.

ഇന്ത്യ പഴയ ഇന്ത്യയല്ലെന്നും പുതിയ ഇന്ത്യ വിദേശ മൂലധനത്തിന് ഏറ്റവും സൗകര്യങ്ങൾ വച്ചുനീട്ടുന്ന ആതിഥേയയാണെന്നുമാണ് സർക്കാരിന്റെ നിലപാട്. ഭൂമി ഏറ്റെടുക്കൽ ബില്ലും മറ്റും ഈ ഊഷ്മളമായ ആതിഥേയത്വത്തിനു തെളിവായി കാണിക്കുന്നുണ്ട്. മാത്രമല്ല, കമ്പി-തപാൽ, റെയിൽവേ തുടങ്ങിയ അതിബൃഹത്തായ മേഖലകൾ മുന്തിരിക്കുലകളായി ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നുണ്ട്. ചൈനയാണെങ്കിൽ വമ്പിച്ച ഡോളർ ശേഖരത്തിന് ഉടമയാണ്. യു.എസ്. ട്രഷറി ബില്ലുകളുടെ രൂപത്തിലാണ് ഈ ഡോളർ ശേഖരം. അതു വളർന്നുകൊണ്ടിരിക്കുകയാണുതാനും.

ലോകതലത്തിൽ, പ്രത്യേകിച്ചും ഇന്ത്യൻ മഹാസമുദ്ര മേഖലയിലും യുറേഷ്യയിലും ആയിരക്കണക്കിനു ബില്യൻ ഡോളർ നിക്ഷേപിച്ച് ലാഭം കൊയ്യാൻ ഒരുമ്പെട്ടിറങ്ങിയിരിക്കുന്ന മഞ്ഞപ്പടയാണ് ഇന്നത്തെ ചൈനീസ് മുതലാളിത്തം. സോവിയറ്റ് യൂനിയന്റെ തകർച്ചയോടെ ശീതസമരം അവസാനിച്ചുവെന്നു കരുതുന്നത് മൗഢ്യമാണ്. റഷ്യയുമായുള്ള ശീതസമരം ഒരുപക്ഷേ, അവസാനിച്ചുകാണും. പക്ഷേ, അപ്പോഴേക്കും ചൈന ഒരു വെല്ലുവിളിയായി ഉയർന്നുകഴിഞ്ഞിരുന്നു. രണ്ടാം ലോകയുദ്ധം കഴിഞ്ഞയുടനെ ഉണ്ടായ അന്തർദേശീയ രാഷ്ട്രീയ ബലതന്ത്രം നിലനിൽക്കണം എന്നാണ് ചൈനീസ് നിലപാട്. അതായത് ഏകധ്രുവ ലോകം അനുവദിക്കില്ലെന്ന്. പ്രസിഡന്റ് നിക്സൻ ചൈനയിൽ പോയി മാവോയെ സന്ദർശിച്ചപ്പോൾ ഈ വെല്ലുവിളി അംഗീകരിക്കേണ്ടിവന്നു.

രണ്ടാം ലോകത്തിന്റെ അവസാനത്തിന്റെ വാർഷികങ്ങൾ ചൈന ആഘോഷിക്കുന്നത് കണ്ണു മഞ്ഞളിപ്പിക്കുന്ന സൈനിക പരേഡുകൾ നടത്തിയാണ്. അതൊക്കെ ജപ്പാനെ 'പേടിപ്പിച്ചു നിർത്താൻ വേണ്ടി'യാണെന്നാണ് ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി പറയുന്നത്. വടക്കൻ ചൈന-തെക്കൻ ചൈനാ കടലുകളിൽ ചൈനയുടെ അവകാശവാദങ്ങൾ സായുധശക്തിയുടെ പിൻബലത്തോടെ തികച്ചും തീക്ഷ്ണമായിട്ടാണ് ഉന്നയിക്കുന്നത്.

ചൈനയുടെ 'ഒരു ബെൽറ്റ്-ഒരു റോഡ്' പദ്ധതി ഇന്ത്യൻ സമുദ്ര മേഖലയും യുറേഷ്യയും ഒട്ടാകെ ഉൾപ്പെടുന്ന വൻ രാഷ്ട്രീയ-സാമ്പത്തിക പദ്ധതിയാണ്. ഈ പദ്ധതിക്ക് ഏകോപിക്കപ്പെട്ട രണ്ടു ഭാഗങ്ങളുണ്ട്. ഒന്ന്: 'സിൽക്ക് റോഡ് ഇകണോമിക് ബെൽറ്റ്.' ഈ പദ്ധതി യുറേഷ്യയിലെ ദേശീയ സാമ്പത്തിക അസ്തിത്വങ്ങളെ ഏകോപിപ്പിക്കുന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തതാണ്. റഷ്യ ഇതിലെ തന്ത്രപ്രാധാന്യമുള്ള കൂട്ടാളിയാണ്. രണ്ട്: 'മാരിടൈം സിൽക് റോഡ്.' ഈ കടൽ സിൽക്ക് റോഡ് മ്യാൻമർ, ശ്രീലങ്ക, മാലദ്വീപ്, വടക്കൻ കൊറിയ, പാകിസ്താൻ എന്നീ രാജ്യങ്ങളെ വൻ തുറമുഖ സമുച്ചയങ്ങൾ, അന്തർദേശീയ ടൂറിസ്റ്റ് എൻക്ലേവുകൾ, വ്യവസായ പാർക്കുകൾ എന്നിവ കൊണ്ട് ബന്ധിപ്പിക്കുകയാണ് ആദ്യഘട്ട ഉദ്ദേശ്യം. ഈ തുറമുഖ സമുച്ചയങ്ങളെ സമാന്തരമായി വരുന്ന സിൽക്ക് റോഡ് സാമ്പത്തിക ബെൽറ്റുമായി സാമ്പത്തിക ഇടനാഴികൾ കൊണ്ടു ബന്ധിപ്പിക്കും.

മൊത്തം പദ്ധതിയുടെ വ്യാപ്തി ആലോചിക്കാൻ കഴിയും: വളരെ വലിയ പദ്ധതി, മുൻകൂട്ടി കാണുന്ന പദ്ധതി, യുറേഷ്യൻ രാജ്യങ്ങളെ ഇന്ത്യൻ സമുദ്രവുമായി സാമ്പത്തികമായും തന്ത്രപരമായും ഏകോപിപ്പിക്കാൻ ശ്രമിക്കുന്ന പദ്ധതി, ആഗോള കപ്പൽപ്പാതകളെയും അവയുടെ മേലുള്ള സ്വാധീനങ്ങളെയും നിർണായകമായി മാറ്റാൻ കഴിയുന്ന പദ്ധതി. 21ാം നൂറ്റാണ്ടിലെ ഒരു ശക്തമായ സാമ്പത്തിക ഇടപെടൽ എന്ന നിലയ്ക്ക് ആർക്കും ഇതിനെ അവഗണിക്കാൻ കഴിയില്ലെന്നു തീർച്ച- പ്രത്യേകിച്ചും ഇന്ത്യക്ക്. ചൈന ഇന്ത്യയോട് ഈ പദ്ധതിയെക്കുറിച്ചുള്ള നിലപാട് പല തവണ ആരാഞ്ഞിരുന്നു. മോദിയുടെ സന്ദർശനത്തിൽ ഇതൊരു വിഷയമായില്ല എന്ന കാര്യം അദ്ഭുതത്തിനു വകനൽകുന്നുണ്ട്.

ഈ ബെൽറ്റ്-റോഡ് പദ്ധതിയുടെ ഭാഗമായി ചൈനയും പാകിസ്താനും പങ്കാളികളായി ചൈന-പാകിസ്താൻ സാമ്പത്തിക ഇടനാഴിയുടെ പണി തുടങ്ങിയിട്ടുണ്ട്. കാറക്കോറം മലനിരകൾ മുറിച്ചു പാകിസ്താൻ അധീനതയിലുള്ള കശ്മീർ വഴി അറബിക്കടൽ തീരത്തുള്ള ഗ്വാഡർ തുറമുഖ സമുച്ചയവുമായി ബന്ധിപ്പിക്കുന്നതാണ് ഈ സാമ്പത്തിക ഇടനാഴി. പാക് അധീന കശ്മീർ ഇന്ത്യയുടെ അവിഭാജ്യ ഭാഗമാണെന്ന് എപ്പോഴും ആവർത്തിക്കുന്ന മോദിയുടെ പാർട്ടി ചൈനയിൽ നിന്നു നിക്ഷേപങ്ങൾ ക്ഷണിച്ചുവരുത്താൻ വേണ്ടി സ്വന്തം പ്രധാനമന്ത്രിയെ അയക്കുന്ന അവസ്ഥയിൽ ഈ ആവർത്തനങ്ങൾ വെറും പബ്ലിസിറ്റി അഭ്യാസമായി കണ്ട് തള്ളിക്കളയാൻ കഴിയും.

മോദിയുടെ സന്ദർശനത്തിന്റെ ഒരു നേട്ടമായി എടുത്തുകാണിക്കുന്നത്, രണ്ടു രാജ്യങ്ങളും തമ്മിലുള്ള വ്യാപാരബന്ധങ്ങളിലെ തടസ്സങ്ങൾ എങ്ങനെ നീക്കാമെന്നു പഠിച്ച് നിർദേശങ്ങൾ കൊണ്ടുവരാൻ ഒരു ഉന്നതതല ദൗത്യ സംഘത്തെ സൃഷ്ടിക്കാനുള്ള ധാരണയുണ്ടാക്കിയതാണ്. എന്താണീ പ്രശ്നങ്ങൾ? യഥാർഥത്തിൽ പ്രശ്നം ഒന്നേയുള്ളൂ. കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ ഇന്ത്യ-ചൈന വ്യാപാരബന്ധങ്ങൾ കുത്തനെ വളർന്നിട്ടുണ്ട്. അത്രയും നല്ല കാര്യം. പക്ഷേ, ഇതോടൊപ്പം ഇന്ത്യയെ സംബന്ധിച്ച് വ്യാപാരകമ്മിയും വളരെയേറെ വളർന്നു. മരുന്നു കമ്പനികൾ, സേവനമേഖലയിലെ കമ്പനികൾ തുടങ്ങിയവ. കുറേക്കാലമായി ഈ മേഖലകളിൽ നിന്നുള്ള കയറ്റുമതികൾ ചൈന നിരുൽസാഹപ്പെടുത്തുന്നു എന്ന പരാതി ഉന്നയിക്കുന്നുണ്ട്. സർക്കാർ ഇടപെടണമെന്നും അവർ ആവശ്യപ്പെടുന്നുണ്ട്.

മറ്റൊരു തരത്തിൽ പറഞ്ഞാൽ, ഇന്ത്യ-ചൈന വ്യാപാരം ഇന്ത്യൻ സമ്പദ്ഘടനയ്ക്ക് വൻ കടം വരുത്തിവയ്ക്കുന്നു. വ്യാപാര കമ്മി കടമായിട്ടാണ് പൊതുവേ കാണുന്നത്. അതങ്ങനെത്തന്നെയാണുതാനും. ഏറ്റവും പുതിയ കണക്കുകൾ പ്രകാരം മൂന്നു ലക്ഷം കോടി രൂപയാണ് നിലവിൽ ഇന്ത്യയുടെ ചൈനയുമായുള്ള വ്യാപാരകമ്മി. ഇതു പരിഹരിക്കാൻ ഒരു മാർഗമേയുള്ളൂ: ചൈനയിലേക്കുള്ള ഇന്ത്യൻ കയറ്റുമതി വൻതോതിൽ വർധിക്കണം. അല്ലെങ്കിൽ കയറ്റുമതി വർധിക്കാതെ നിലനിർത്തിക്കൊണ്ട് ഇറക്കുമതി വൻതോതിൽ കുറയ്ക്കണം. രണ്ടായാലും ഉണ്ടാവുന്ന നഷ്ടം ഇന്ത്യൻ ബിസിനസിനെയാണ് പ്രധാനമായും തളർത്തുക. ലോക സാമ്പത്തിക വ്യവസ്ഥയിൽ സൗജന്യ ശാപ്പാട് എന്നൊരു വാക്ക് പ്രയോഗത്തിലില്ല എന്ന കാര്യം ബിസിനസുകാർക്ക് നന്നായി അറിയാവുന്നതുമാണ്.

ദീർഘകാലമായി നിലനിൽക്കുന്ന ഇന്ത്യ-ചൈന അതിർത്തിത്തർക്കങ്ങൾ പരിഹരിക്കേണ്ടത് ആവശ്യമാണെന്നും അതു രാഷ്ട്രീയമായിരിക്കണമെന്നും രണ്ടു പ്രധാനമന്ത്രിമാരും ധാരണയിലെത്തി എന്നാണ് റിപോർട്ട്. അതേപോലെ, നിലവിലുള്ള നിയന്ത്രണരേഖ അവ്യക്തമാണെന്നും ഈ അവ്യക്തത രാഷ്ട്രീയമായി പരിഷ്കരിക്കണമെന്നും രണ്ടു പേരും യോജിച്ചു പറഞ്ഞു. ഈ അവ്യക്തമായ പ്രദേശത്തെച്ചൊല്ലിയായിരുന്നല്ലോ 1962ലെ യുദ്ധം. അവ്യക്തമായ കാരണങ്ങൾ കാട്ടിയാണ് ആ യുദ്ധം നടത്തിയതെന്നു പരോക്ഷമായി അംഗീകരിക്കുന്നത് ഇതൊരുപക്ഷേ ആദ്യമായിട്ടായിരിക്കും.

ഈ തർക്കം ആയിരക്കണക്കിനു കിലോമീറ്റർ ദൈർഘ്യമുള്ള അതിർത്തിപ്രദേശത്ത് ലക്ഷക്കണക്കിനു പട്ടാളക്കാരെ വിന്യസിക്കുന്നതും അതിനാൽത്തന്നെ. ആയിരക്കണക്കിനു കോടി രൂപ പ്രതിവർഷ ചെലവു വരുന്ന വൻ ബാധ്യതയായി കാണാൻ കഴിയണം. ഈ അതിർത്തിത്തർക്കം പ്രാമുഖ്യം കൂടുതലുള്ള തിബത്ത് പ്രശ്നവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന ഒന്നാണ്. അതിന്റെ പരിഹാരവും തിബത്ത് പ്രശ്നപരിഹാരവുമായി ശക്തമായി കണ്ണിചേർത്തു വേണം കാണാൻ. രാഷ്ട്രീയ പ്രശ്നപരിഹാരം ഇന്ത്യയും ചൈനയും മാത്രം ഉൾപ്പെടുന്ന ഒന്നായി കാണുന്നത് സമൂർത്ത ഭൂമിശാസ്ത്ര-രാഷ്ട്രീയ ചുറ്റുപാടിൽ യുക്തിരഹിതമായി കാണാൻ കഴിയും; കശ്മീർ പ്രശ്നം ഇന്ത്യക്കും പാകിസ്താനും കൂടിയിരുന്നു പരിഹരിക്കാം എന്നു കരുതുന്ന മാതിരിയുള്ള വിഡ്ഢിത്തമാണത്. അതേസമയം, ഇന്ത്യൻ പ്രധാനമന്ത്രി അതിർത്തി അവ്യക്തമാണെന്നു തുറന്നുപറഞ്ഞത് താൽക്കാലികമായെങ്കിലും ഒരു ചൈനീസ് നയതന്ത്രവിജയമായും കരുതാൻ പറ്റും. സംഘപരിവാര നേതൃത്വം ഘർവാപസി തിരക്കിലായതിനാലാവും, ഈ മാറ്റം ശ്രദ്ധിച്ചുകാണില്ല.

തന്റെ സന്ദർശനത്തിന്റെ അവസാന ദിവസം മോദി ചൈനീസ് ബിസിനസുകാരുമായി സംസാരിച്ച് ഇന്ത്യയിലെ ഏറ്റവും സൗകര്യപ്രദവും ആദായകരവുമായ നിക്ഷേപ കാലാവസ്ഥയെക്കുറിച്ച് നിരവധി ഉറപ്പുകൾ കൊടുത്തു. മോദി പോവുന്നിടത്തെല്ലാം ചെയ്യുന്നതാണിത്. പ്രധാനമായും അതിനു വേണ്ടിയാണ് പോവുന്നതുതന്നെ. പ്രതീക്ഷിച്ചതുപോലെത്തന്നെ പല ചൈനീസ് മുതലാളിമാരുമായിട്ടും തത്ത്വത്തിൽ ധാരണകളിലെത്തുകയും ചെയ്തു. എന്നാൽ, യാഥാർഥ്യവുമായി ഏറ്റുമുട്ടുമ്പോൾ ഇതൊക്കെ സഫലമാവാൻ പ്രയാസം ഏറെയുണ്ട്.

> **കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ ഇന്ത്യ-ചൈന വ്യാപാരബന്ധങ്ങൾ കുത്തനെ വളർന്നിട്ടുണ്ട്. പക്ഷേ, ഇതോടൊപ്പം ഇന്ത്യയെ സംബന്ധിച്ച് വ്യാപാരകമ്മിയും വളരെയേറെ വളർന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ, ഇന്ത്യ-ചൈന വ്യാപാരം ഇന്ത്യൻ സമ്പദ്ഘടനയ്ക്ക് വൻ കടം വരുത്തിവയ്ക്കുന്നു. മൂന്നു ലക്ഷം കോടി രൂപയാണ് ഇന്ത്യയുടെ ചൈനയുമായുള്ള വ്യാപാരകമ്മി.**

ഒരു ഗ്രാമസഭാ യോഗത്തിലെ വിശേഷങ്ങൾ

ഖിയാലി

നിങ്ങളിലാരെങ്കിലും ഇതുവരെ ഒരു ഗ്രാമസഭയിൽ പങ്കെടുത്തിട്ടുണ്ടോ? പോട്ടെ, എന്താണ് ഗ്രാമസഭയെന്ന് അറിയുന്ന എത്ര പേർ കാണും?

കഴിഞ്ഞ ഫെബ്രുവരിയിൽ ഞാൻ ഒരു ഗ്രാമസഭയിൽ പങ്കെടുത്തു. ഞാൻ പോവാൻ കാരണം അമ്മയും കൂട്ടുകാരിയും അങ്ങോട്ടു പോവാൻ തീരുമാനിച്ചതാണ്. അനഖപ്പള്ളിയിലെ അവരുടെ സുഹൃത്തായ അജയ്കുമാർ അവരെ ക്ഷണിക്കുകയായിരുന്നു. വാനഭ്രംഗിപ്പടു ഗ്രാമത്തിലെ സഭാ യോഗത്തിൽ പങ്കെടുക്കാനാണ് അദ്ദേഹം ക്ഷണിച്ചത്. അജയ്കുമാർ ഗ്രാമങ്ങളിൽ ഇങ്ങനെ പല പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്ന ഒരു സന്നദ്ധ പ്രവർത്തകനാണ്. ആന്ധ്രയിലെ വനപ്രദേശങ്ങളിലെ ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന പ്രവർത്തനങ്ങളാണ് അതിലൊന്ന്. അടവി ഹക്കുലു എന്നാണ് വനങ്ങളിൽ കഴിയുന്ന ആദിവാസികളെ വിശേഷിപ്പിക്കുന്നത്.

അനഖപ്പള്ളിയിൽനിന്ന് ജീപ്പിലാണ് ഞങ്ങൾ ഗ്രാമസഭാ യോഗം നടക്കുന്ന സ്ഥലത്തേക്കു പോയത്. ഗ്രാമത്തിലെ സാധാരണ ജനങ്ങളാണ് ഗ്രാമസഭയിൽ പങ്കെടുക്കുന്നത്. ഈ സഭായോഗത്തിൽ ചുറ്റുപാടുമുള്ള എട്ടു ഗ്രാമങ്ങളിലെ അംഗങ്ങൾ പങ്കെടുത്തിരുന്നു. എട്ടുപത്തു പേർ ഞങ്ങളുടെ ജീപ്പിൽ കയറിയിരുന്നു. വാനഭ്രംഗിപ്പടു ഗ്രാമത്തിലെത്താൻ ഞങ്ങൾ മൂന്നു മണിക്കൂർ യാത്ര ചെയ്യേണ്ടിവന്നു. അവസാനത്തെ രണ്ടു കിലോമീറ്റർ മല നടന്നുകയറിയാണ് ഞങ്ങൾ സ്ഥലത്തെത്തിയത്.

ഗ്രാമത്തിൽ വലിയ സ്വീകരണമാണ് ഞങ്ങൾക്കു ലഭിച്ചത്. അവർ ഞങ്ങളുടെ കാൽ കഴുകുകയും സിന്ദൂരം നെറ്റിയിൽ വയ്ക്കുകയും ചെയ്തു. അരിയും മഞ്ഞളും ചേർത്തു തയ്യാറാക്കുന്ന ഈ സിന്ദൂരത്തിന് അക്ഷിന്തലു എന്നാണ് തെലുങ്കു ഭാഷയിൽ പറയുന്നത്.

ഗ്രാമസഭ
SUDHI

കോൺക്രീറ്റ് കൊണ്ട് നിർമിച്ച ഒരു കെട്ടിടത്തിലാണ് ഗ്രാമസഭാ യോഗം നടന്നത്. യോഗത്തിൽ നടക്കുന്ന കാര്യങ്ങൾ ഒന്നും എനിക്ക് അത്ര വ്യക്തമായില്ല. ചിലർ തെലുങ്കിലും വേറെ ചിലർ ഈ പ്രദേശത്തെ ആദിവാസിഭാഷയായ കുയിയിലുമാണ് സംസാരിച്ചത്. ഇതൊരു സങ്കര ഭാഷയാണ്. പക്ഷേ, പുറത്തുള്ളവർക്കു മനസ്സിലാക്കാൻ പ്രയാസം.

ഗ്രാമസഭ നടത്തേണ്ടതെങ്ങനെ എന്ന് അജയ്കുമാർ അവർക്കു വിശദീകരിച്ചുകൊടുക്കുന്നുണ്ടായിരുന്നു. അത് അൽപ്പം അദ്ഭുതമായി തോന്നി. ഗ്രാമസഭ എങ്ങനെ നടത്തണമെന്നു ഗ്രാമവാസികളെ അനഖപ്പള്ളിയിൽ നിന്നു വന്ന ഈ നഗരവാസി എന്തിനാണ് പഠിപ്പിക്കുന്നത്? അതിനു കാരണം ഇതിൽ പല സർക്കാർകാര്യങ്ങളും അടങ്ങിയിരിക്കുന്നു എന്നതായിരിക്കണം. സഭകളുടെ നടത്തിപ്പിനു ചില ചിട്ടവട്ടങ്ങളൊക്കെയുണ്ട്. ഗ്രാമവാസികൾക്ക് അതൊന്നും അത്ര പരിചയമുള്ളതായി തോന്നിയില്ല. ഗ്രാമവാസികളുടെ തീരുമാനങ്ങളും ചർച്ചകളുമൊക്കെ യഥാവിധി സർക്കാരിലേക്കു മെമ്മോറാണ്ടവും ഒക്കെയായി അയക്കേണ്ടതുണ്ട്. അങ്ങനെ മാത്രമേ സർക്കാർ ആനുകൂല്യങ്ങൾ അവർക്കു ലഭിക്കുകയുള്ളൂ.

പെസ എന്ന പേരിൽ ഒരു നിയമമുണ്ട്. പഞ്ചായത്ത് എക്സ്റ്റൻഷൻ ടു ഷെഡ്യൂൾഡ് ഏരിയാസ് ആക്ട് എന്നാണതിന്റെ പേര്. ഇത് ആദിവാസി പ്രദേശങ്ങളെ സംബന്ധിച്ച നിയമമാണ്. അത് വിശദീകരിക്കാനാണ് അജയ്കുമാർ വന്നത്. ഇത്തരം ധാരാളം ഗ്രാമസഭകൾ ഇനിയും വേണ്ടിവരുമെന്ന് അജയ്കുമാർ പറഞ്ഞു.

അപ്പോൾ ഇതാണ് ഗ്രാമസഭകളുടെ കണക്ക്. വിശാഖപട്ടണം ജില്ലയിൽ രണ്ടു മണ്ഡലങ്ങളുണ്ട്. ജി മദ്ഗുല, ചിന്താപ്പള്ളി എന്നിങ്ങനെയാണ് പേര്. ഓരോ മണ്ഡലത്തിലും അഞ്ചു ഗ്രാമസഭകൾ വീതം ചേരാനാണ് പരിപാടി. ഓരോ ഗ്രാമസഭയിലും ചുറ്റുപാടുമുള്ള എട്ട് ഗ്രാമങ്ങളിലെ ജനങ്ങൾ പങ്കെടുക്കും. ഈ സമ്മേളനങ്ങളിൽ അധികവും നടക്കുന്നത് ആദിവാസി പ്രദേശങ്ങളിലാണ്. ഓരോ സഭയിലും അടവി ഹക്കുലു സമിതി എന്ന പേരിൽ ആദിവാസി ക്ഷേമ കാര്യങ്ങൾക്കായി പ്രത്യേകം കമ്മിറ്റിയുണ്ട്. അതിൽ എല്ലാ ഗ്രാമത്തിൽ നിന്നും ഒരാൾ വീതം എട്ടു പേരാണുള്ളത്.

സമിതി ചെയ്യുന്നത് പ്രധാനമായും സ്ഥലത്തെ ആദിവാസികൾക്ക് തങ്ങളുടെ ഭൂമിയിൽ അവകാശം നേടിയെടുക്കാനുള്ള പ്രവർത്തനങ്ങളാണ്. അതിനായി അവർ മാപ്പുകൾ തയ്യാറാക്കി ഓരോ ആളുടെയും അവകാശം നിശ്ചയിക്കും. അത് ഗ്രാമസഭയിൽ അവതരിപ്പിച്ച് പാസാക്കി വീണ്ടും സർക്കാരിലേക്ക് അയക്കും. അങ്ങനെ സർക്കാർ അവർക്കു പട്ടയം നൽകിയാൽ അവർക്കു ഭൂമിയുടെ മേൽ അവകാശമുണ്ടാവും. അങ്ങനെയാണ് ഈ സഭയിലേക്ക് എല്ലാ ഗ്രാമത്തിൽ നിന്നും ആളുകൾ വന്നെത്തിയത്.

(ആന്ധ്രപ്രദേശിലെ സ്കൂൾ വിദ്യാർഥിനിയായ ഖിയാലി തന്റെ ബ്ലോഗിൽ എഴുതിയ അനുഭവക്കുറിപ്പാണിത്.)

കുട്ടിത്തൊഴിലാളികളും തൊഴിൽശാലകളും

വായനക്കാർ എഴുതുന്നു

കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് അവരുടെ കുടുംബങ്ങളിലെ നല്ല ജീവിതനിലവാരവും മെച്ചപ്പെട്ട സാമൂഹികാന്തരീക്ഷവും അതിപ്രധാനമാണെന്നു നിരവധി പഠനങ്ങൾ തെളിയിച്ചിട്ടുള്ളതാണ്. അതിന്റെയും കൂടി അടിസ്ഥാനത്തിലാണ് കുട്ടികൾക്കായി പ്രത്യേക സംരക്ഷണനിയമം നിലവിൽവന്നത്. എന്നാൽ, നിയമം നിർമിച്ചു എന്നതിനപ്പുറം അത് നടപ്പിലാക്കാൻ സർക്കാർ ശ്രമിക്കുന്നില്ല.

ബാല്യകാലത്ത് ലഭിക്കുന്ന വിദ്യാഭ്യാസമാണ് അവരെ സമൂഹത്തിൽ ഉത്തമപൗരന്മാരായി മാറ്റുന്നത്. എന്നാൽ, ദരിദ്ര കുടുംബങ്ങളിലെ കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ ഭരണകൂടം തയ്യാറല്ല.

ഈയൊരു സാഹചര്യം നിലനിൽക്കുന്ന ഘട്ടത്തിലാണ് ബാലവേല നിരോധനനിയമ ഭേദഗതി ബില്ലിന് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകിയിട്ടുള്ളത്. ഒറ്റനോട്ടത്തിൽ ബില്ല് കുട്ടികൾക്ക് അനുകൂലമാണെന്നു തോന്നുമെങ്കിലും ഭേദഗതി ബില്ലിലെ വ്യവസ്ഥകൾ അവർക്ക് പ്രതികൂലമാണെന്നു കാണാൻ പ്രയാസമുണ്ടാവില്ല. കേരളം, ത്രിപുര എന്നീ സംസ്ഥാനങ്ങൾ മാറ്റിനിർത്തിയാൽ ദരിദ്ര കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം വട്ടപ്പൂജ്യമാണ്. ഈ സംസ്ഥാനങ്ങളിലെല്ലാം കുടുംബത്തിന്റെ പട്ടിണി മാറ്റുന്നതിനു വേണ്ടി മാതാപിതാക്കളോടൊപ്പം കുട്ടികളും തൊഴിലിടങ്ങളിലേക്കു പോവാൻ നിർബന്ധിതരാവുന്നു എന്നതാണതിന്റെ മുഖ്യ കാരണം.

ഇങ്ങനെ തൊഴിൽ ചെയ്യാൻ നിർബന്ധിതരായവരിൽ കാർഷിക മേഖലയിൽ തൊഴിലെടുക്കുന്ന കുട്ടികൾക്ക് കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുമ്പോൾ വ്യവസായശാലകളിൽ തൊഴിലെടുക്കാൻ കുട്ടികൾ നിർബന്ധിക്കപ്പെടുമെന്ന യാഥാർഥ്യം കാണാതിരുന്നുകൂടാ. മാതാപിതാക്കളുടെ നിർബന്ധത്തിനു വഴങ്ങി വൻകിട ഹോട്ടലുകളടക്കമുള്ള ഭക്ഷണശാലകളിലെ അടുക്കളയിലും വ്യവസായശാലകളിലും മുതിർന്നവർക്ക് ലഭിക്കുന്നതിന്റെ പത്തിലൊന്നു കൂലിക്കു വേണ്ടി പണിയെടുക്കുന്ന കുട്ടികളുടെ എണ്ണം വളരെ കൂടുതലാണ്. കുട്ടികളുടെ അവകാശ സംരക്ഷണത്തിനായി ചുമതലപ്പെടുത്തിയവരാരും ഇത്തരം കേന്ദ്രങ്ങളിൽ പരിശോധനയ്ക്കെത്താറില്ല എന്നതാണ് സത്യം.

ബാലവേല നിരോധന ഭേദഗതി ബില്ലിലെ വ്യവസ്ഥകൾ പ്രകാരം 14 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് സ്കൂൾസമയത്തിനു ശേഷമോ സ്കൂൾ അവധിക്കാലത്തോ അവരുടെ കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള തൊഴിൽമേഖലകളിൽ പണിയെടുക്കാൻ അനുവദിക്കുന്ന ഭേദഗതിയാണ് നിയമത്തിൽ കൊണ്ടുവന്നിരിക്കുന്നത്. സ്കൂൾസമയവും അവധിക്കാലവും സ്കൂളിൽ പോവുന്നവർക്കല്ലേ ബാധകമാവുകയുള്ളൂ? സ്കൂളിൽ പോവാത്ത കുട്ടികളെക്കൊണ്ട് തൊഴിലെടുപ്പിക്കുന്നതിനുള്ള അനുവാദമാണ് യഥാർഥത്തിൽ നിയമഭേദഗതിയിലൂടെ സർക്കാർ കൊണ്ടുവന്നിരിക്കുന്നത്. ദരിദ്ര കുടുംബങ്ങളിലെ മാതാപിതാക്കൾ അവരുടെ കുട്ടികളെ പാഠശാലകളിലേക്ക് അയക്കുന്നതിനു പകരം പണിശാലകളിലേക്കയക്കുന്ന സാഹചര്യമാണ് വരാൻ പോവുന്നത്.

പുതിയ നിയമത്തിൽ കുട്ടികൾക്ക് പൂർണ നിരോധനമുള്ള മേഖല സർക്കസ് കൂടാരങ്ങൾ മാത്രമാണ്. നമ്മുടെ രാജ്യത്തെ അദാനി, അംബാനി തുടങ്ങിയ കോടീശ്വരന്മാരൊന്നും സർക്കസ് കൂടാരത്തിന്റെ ഉടമസ്ഥന്മാരല്ല എന്ന കാര്യം മോദി മനസ്സിലാക്കിയിട്ടുണ്ടാവും.

കെ എം സലീം
പത്തനാപുരം

തേജസ് കെയർ
പത്രം സംബന്ധിച്ച
എല്ലാ പരാതികൾക്കും
thejascare@thejasonline.com
support@thejasonline.com
Phone - 0495 3061167

ഇന്നത്തെ വാചകം

> വൻകിട ഹോട്ടലുകളടക്കമുള്ള ഭക്ഷണശാലകളിലെ അടുക്കളകളിലും
> വ്യവസായശാലകളിലും മുതിർന്നവർക്ക് ലഭിക്കുന്നതിന്റെ പത്തിലൊന്നു
> കൂലിക്കു വേണ്ടി പണിയെടുക്കുന്ന കുട്ടികളുടെ എണ്ണം വളരെ കൂടുതലാണ്.
>
> **കെ എം സലീം,** പത്തനാപുരം

വിലാസം

എഡിറ്റർ
തേജസ് ദിനപത്രം
മീഡിയാസിറ്റി നല്ലളം
കോഴിക്കോട് 673 027
e-mail: letters@thejasonline.com